# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4024 16/05/2017-ൽ മറുപടിയ്ക്ക്
## ഉള്ള്യേരി പഞ്ചായത്തിലെ ക്രിമറ്റോറിയത്തിന് ഭരണാനുമതി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ള്യേരി പഞ്ചായത്തിൽ നിർമ്മിക്കുന്ന 'പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം' (ഭൂഗർഭ ശ്മശാനം) ഭരണാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിയ്ക്കുന്നതിൽ വന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഈ പ്രവർത്തിയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ വേഗത്തിലാക്കുമോ? | (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 31/01/2017 ലെ മീറ്റിംഗിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ വരുന്ന 9 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 20 ലക്ഷം രൂപ വീതവും ബാക്കി തുക ബാലുശ്ശേരി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും വകയിരുത്തി ആകെ 3.15 കോടി രൂപ എസ്റ്റിമേറ്റ് പ്രകാരം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. കൂടാതെ ശ്മശാന നിർമ്മാണ പദ്ധതിയിൽ ഭാഗഭാക്കാകുന്ന ഗ്രാമപഞ്ചായത്തുകൾ 28/2/2017 ന് മുമ്പ് പദ്ധതി വിഹിതമായ 20 ലക്ഷം രൂപ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന് നൽകുന്നതാണ് എന്ന് വ്യക്തമാക്കുന്ന പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ ഭരണസമിതി തീരുമാനം സർക്കാരിൽ ലഭ്യമാക്കുന്നതിനും കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷൻമാരെ ഉൾപ്പെടുത്തി ഉള്ളേ്യരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി ഒരു സൊസൈറ്റി രൂപീകരിച്ച് ശ്മശാനത്തിന്റെ പ്രവർത്തനവും നടത്തിപ്പുമായി ബന്ധപ്പെട്ട് സൊസൈറ്റിയുടെ Bye Law തയ്യാറാക്കുന്നതിനും ഉള്ളേ്യരി ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ